# പരിജ്ഞാനപ്രകാരമുള്ള
# തീക്ഷ്ണത



**പാസ്റ്റർ ജേക്കബ് മാമച്ചൻ**
വേർഡ് ഓഫ് ഗോഡ് ചർച്ച്
ദുബായ്, യു.എ.ഇ.

റോമ 12: 9-11 സ്നേഹം നിർവ്യാജം ആയിരിക്കട്ടെ: തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊൾവിൻ. സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ. ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ.

ദൈവവിഷയമായി ഒരു മനുഷ്യന്റെ അന്തരംഗത്തിൽ ഉളവാകുന്ന തിളപ്പിനെയാണ് തീഷ്ണത അഥവാ എരിവ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അത് ഹൃദയത്തിൽ എപ്പോഴും കത്തിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ഇവിടെ പറയുന്നത്, തീഷ്ണതയിൽ നിങ്ങൾ അലസരാകരുത്. അതിന്റെ വിശേഷണം ശ്രദ്ധിക്കുക

ഉത്സാഹത്തിൽ മടുപ്പുള്ളവരാകരുത്.

ആത്മാവിൽ എരിവുള്ളവരാകണം,

കർത്താവിനെ സേവിക്കണം.

അതായത് തീഷ്ണത മൂലം നിങ്ങൾ മറ്റുള്ളവർക്കു നാശം ഉണ്ടാകും വിധം പ്രവർത്തിക്കണം എന്നല്ല. തീഷ്ണത കയറി ഒരു കത്തിയോ മറ്റെന്തെങ്കിലും കൊണ്ട് ഒരു സമൂഹത്തിനു മുഴുവൻ നാശം ചെയ്യണം എന്നല്ല ലേഖകൻ പറയുന്നത്. തീഷ്ണത എന്നതിനോടൊപ്പം ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ശ്രദ്ധയോടെ നോക്കുക. കർത്താവിനെ സേവിക്കുക എന്ന പ്രധാന വിഷയവുമായി ചേർത്താണ് ഈ വാക്യം എഴുതിയിരിക്കുന്നത്. അല്ലാതെ യുദ്ധം ചെയ്യുക എന്ന വിഷയത്തിനല്ല. തീഷ്ണത അല്ലെങ്കിൽ എരിവ് എന്നൊക്കെ പറയുന്നത് ചില സഭാചടങ്ങുകളെ സംബന്ധിച്ചുള്ളതുമല്ല.

ഉദാഹരണത്തിന് കർത്താവിന്റെ മേശ ഒരു കപ്പിൽ മാത്രം എടുത്തു ശീലിച്ച സഹോദരങ്ങൾ അത് പല കപ്പുകളിലായി കാണുന്ന ഒരു സാഹചര്യം വന്നാൽ ആ വിഷയത്തിൽ വലിയ എരിവ് കയറുന്നവ രായി കാണാറുണ്ട്. അതല്ല എരിവ് എന്നതുകൊണ്ട് റോമാ ലേഖകൻഉദ്ദേശിക്കുന്നത്.അത്തരക്കാരോട് തിരുമേശയുടെ വാക്യങ്ങൾ ബൈബിളിൽ നിന്നും ചോദിച്ചാൽ ഒരുപക്ഷെ അവർക്കു മറുപടി ഉണ്ടാവുകയില്ല. എന്നാൽ കപ്പിന്റെ വിഷയത്തിൽ അവർക്ക് വലിയ ഉത്സാഹമാണ്. മറ്റുചിലർ പാട്ടിന്റെ വിഷയത്തിൽ കൂടുതൽ തീഷ്ണതയുള്ളവരാണ്. അവർ പഴയ പാട്ടുകൾ അല്ലാതെ ഏതെങ്കിലും പുതിയ പാട്ടുകൾ പാടിയാൽ ഉടൻ ബഹളം കാട്ടും. കാരണം അവർ കണ്ടു വന്ന രീതി പഴയ പാട്ടുകൾ പാടുക എന്നതാണ്. സഭകളുടെ ബാഹ്യമായി കാണുന്ന ഏതെങ്കിലും രീതി കളെ ചോദ്യം ചെയ്യുന്നതല്ല തീഷ്ണത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. റോമാലേഖനത്തിൽ നാം കാണുന്ന തീഷ്ണത ദൈവത്തെ എപ്രകാരം സേവിക്കണം എന്ന താക്കോൽ വിഷയത്തെ വെളിപ്പെടുത്തുന്നു. ഇത് പലരും മറന്നു പോകുന്നു.

എന്താണ് ഈ വിഷയത്തിലുള്ള ഉപസംഹാരം? ചില അടിസ്ഥാന വിഷയങ്ങൾ മാത്രം നിങ്ങളുടെ ശ്രദ്ധയിൽപെ ടുത്താം. ഈ തീഷ്ണതമൂലമെന്താണു സംഭവിക്കുന്നത്? സേവിക്കുക എന്നതെന്തെന്നു നാം ശരിയായി മനസ്സി ലാക്കും, തമ്മിൽ തമ്മിൽ സേവിക്കുന്നത് മനസ്സിലാക്കും. മറ്റൊരു വാക്കിൽ പറഞ്ഞാൽ, എപ്രകാരം ശുശ്രൂഷിക്കും എന്നുനാമറിയും. ഈ തീഷ്ണത തമ്മിലുള്ള ശുശ്രൂഷ യ്ക്ക് നിദാനമാകും. ഈ വിഷയം നിൽക്കുമ്പോൾ തന്നെ മറ്റൊരു വാക്യത്തിലേക്കു വരാം. റോമർ 10: 1,2 "സഹോദ

രന്മാരേ, അവർ രക്ഷിക്കപ്പെടേണം എന്നു തന്നേ എന്റെ ഹൃദയവാഞ്ഛരയും അവർക്കുവേണ്ടി ദൈവത്തോ ടുള്ള യാചനയും ആകുന്നു, അവർ പരിജ്ഞാനപ്രകാര മല്ലെങ്കിലും ദൈവത്തെ സംബന്ധിച്ചു എരിവുള്ളവർ എന്നു ഞാൻ അവർക്കു സാക്ഷ്യം പറയുന്നു."

പലോസ് യഹൂദന്മാരെ ഉദ്ദേശിച്ചു പറയുന്ന വാക്യ മാണിത്. ഇവിടെ പൗലോസ് കണ്ടുപിടിച്ച ഒരു പ്രധാന വിഷയം അവർക്കു എരിവുണ്ട്, എന്നാൽ അവർ ഒരു പ്രധാന ചേരുവ ചേർക്കുവാൻ വിട്ടുപോയിരിക്കു ന്നു. എന്താണ് ആ പ്രധാന ചേരുവ? "പരിജ്ഞാനം". പൗലോസ് പറയുന്ന അർത്ഥത്തിൽ എന്താണത്? തീഷ്ണ തയ്ക്കാവശ്യമായ പ്രധാന കാര്യമാണത്. പരിജ്ഞാനമി ല്ലാത്ത എരിവ് എന്നത് ശരിയായ തീഷ്ണതയല്ല.

ഒന്നാമത് നാം മനസ്സിലാക്കി, 'തീഷ്ണത', എന്നത് തമ്മിൽ തമ്മിൽ ഉള്ള ശുശ്രൂഷയുടെ ഭാഗമാണ്. ഞാൻ ഇവിടെ പ്രസംഗിക്കുന്നു, നിങ്ങൾ കേൾക്കുന്നു, എല്ലാവരുമൊത്തുചേർന്ന് ഭക്ഷണം കഴിക്കുന്നു, കുറച്ചു തമാശകൾ പറയുന്നു, പിന്നീടെല്ലാവരും തിരികെ പോകുന്നു. ഇതാണോ ശുശ്രൂഷ എന്നതുകൊണ്ട് അർത്ഥ മാക്കുന്നത്? ഒരിക്കലുമല്ല. പിന്നെയെന്താണ് മറ്റൊരാളെ ശുശ്രൂഷിക്കുക എന്നുവച്ചാൽ? ക്രിസ്തുവെന്ന തലയോളം സകല മനുഷ്യരും എത്തണം എന്ന പരിജ്ഞാ നത്തിൽ, വചനത്തിൽ നിന്നുള്ള വിഷയങ്ങളിൽ, യഥാർത്ഥ വ്യാഖ്യാനത്തിൽ അവരെ പഠിപ്പിക്കുന്നതാണ് ശരിയായ ശുശ്രൂഷ. എല്ലാ വിശ്വാസികളും വചനത്തിൽ കൂടെയുള്ള വെളിപ്പാടിൽ എപ്രകാരം കാര്യങ്ങളെ നയിക്കുന്നു എന്ന്

തമ്മിൽ തമ്മിൽ പഠിപ്പിക്കുന്ന രീതിയാണ് ശുശ്രൂഷ.

ഞാൻ പഠിപ്പിക്കുന്ന കാര്യങ്ങൾ എഴുതിയെടുത്ത് അതുപോലെ പ്രസംഗിക്കുന്നതല്ല ശുശ്രൂഷ. ശുശ്രൂഷ നടക്കുവാൻ പണിയപ്പെടുക എന്നത് സംഭവിക്കേണം, അതായത് വളർച്ച നടക്കണം. അല്ലെങ്കിൽ സേവനം നടക്കുകയില്ല. ശ്രദ്ധയോടു കൂടി കേൾക്കുകയും അതനു സരിച്ചു വളരുകയും ചെയ്യുമ്പോൾ മാത്രമേ നിങ്ങൾ സേവ നത്തിലാവുകയുള്ളു. വളർച്ച പ്രാപിക്കുമ്പോൾ മാത്രമേ നിങ്ങളുടെ ശുശ്രൂഷ പൂർത്തിയാവുകയുള്ളു. ഇവിടെ പഠിപ്പിക്കുന്ന കാര്യം നോക്കി പോയിന്റുകൾ പഠിക്കുന്നത്, പാട്ടുകൾ പാടുന്നത് സേവനമല്ല; അത് സ്വാർത്ഥത ആണ്.

ഉദാഹരണത്തിന് അന്യഭാഷ പറയുന്നത്, അതും ശുശ്രൂ ഷയല്ല. പൗലോസ് പറയുന്നത് നിങ്ങൾ അന്യഭാഷയിൽ സംസാരിക്കുന്നത് സഭക്ക് പ്രയോജനം ചെയ്യുന്നില്ല എങ്കിൽ മിണ്ടാതെ ഇരിപ്പാനാണ്. നിങ്ങൾ പത്തു വാക്കുകളെ പറഞ്ഞുള്ളു എങ്കിലും അത് മനസ്സിലാക്കാൻ കഴിയു ന്നതായിരിക്കണം. അപ്രകാരം മറ്റുള്ളവർക്ക് ആമേൻ പറയാൻ കഴിയുന്നതായാൽ, നിങ്ങൾ സേവനം ചെയ്തു.

ചില ആളുകളുണ്ട്, പ്രാർത്ഥിക്കാൻ തുടങ്ങി കഴിഞ്ഞാൽ അങ്ങ് കശ്മീർ മുതൽ കന്യാകുമാരി വരെ വെറുതെ ധാരാളം പ്രാർത്ഥിക്കും. അവിടെ ശുശ്രൂഷ നടന്നോ? ഇല്ല. സഭയിൽ പ്രാർത്ഥിക്കണം എന്ന ആഗ്രഹം മാത്രം നടന്നു.

ഇതുപോലെയാണ് പാട്ടുകൾ പാടുക എന്നതും. ആര് വളർച്ച പ്രാപിച്ചു അല്ലെങ്കിൽ പ്രാപിച്ചില്ല എന്നതൊന്നും

പാടുന്നവർക്കു വിഷയമല്ല, പാട്ടുകൾ വെറുതെ പാടിവിടുകയാണ്. ഇവിടെയും സ്ഥിതി വ്യത്യസ്തമല്ല, ശുശ്രൂഷ നടന്നിട്ടില്ല.

അടുത്തത് പ്രസംഗമാണ്, വെറുതെ കുറെ വാക്യങ്ങൾ വായിപ്പിക്കുന്നു. അപ്പോൾ ജനങ്ങൾ പറയുന്നു ആ പാസ്റ്റർ ധാരാളം വചനം പറഞ്ഞു. എന്നാൽ ശുശ്രൂഷ നടന്നോ? ആർക്കും ശുശ്രൂഷ ലഭിച്ചിട്ടില്ല. എന്നാൽ വചനം പറയുമ്പോൾ, നിങ്ങൾ പറയുന്നു എന്റെ മനസ്സ് ഇവിടെ മാറി, എന്റെ നടപ്പ് ഈ വചനപ്രകാരം മാറ്റുന്നു. എന്റെ പ്രാർത്ഥന ഇതിനാൽ ഞാൻ മാറ്റുന്നു. അങ്ങനെ വന്നാൽ നമുക്ക് പറയാം ശുശ്രൂഷ വെളിപ്പെട്ടു. അതുകൊണ്ട് എന്തൊക്കെ നടന്നാലും, അവിടെ ശുശ്രൂഷയാണ് വെളിപ്പെടേണ്ടത്. നിങ്ങളുടെ പാട്ടും പ്രാർത്ഥനയും ഒക്കെ നല്ലതുപോലെ നടക്കുന്നുണ്ട്. എന്നാൽ അവിടെ ശുശ്രൂഷ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. ദൈവത്തിന് എന്താണ് താല്പര്യം? ശുശ്രൂഷ നടക്കണം. നമ്മുടെ തീഷ്ണത എന്തിനുവേണ്ടിയാണെന്ന് മനസ്സിലാക്കുക. അതിനാണ് നമ്മുടെ എരിവ് ആവശ്യം, ഹൃദയം തിളച്ചു മറിയുന്ന എരിവ്.

ചിലർ ഇങ്ങനെ പറയാറുണ്ട് "തെറ്റിനെ തെറ്റായി പറയാൻ ഞാൻ എങ്ങും മടിക്കില്ല, ഞാൻ സത്യവാനാണ്, ഞാൻ മഹാത്മാ ഗാന്ധിയാണ്". ഇങ്ങനെ പറയുന്നതല്ല എരിവ് എന്ന് നാം കണ്ടു. അതുകൊണ്ടാണ് പൗലോസ് പറയുന്നത്, യിസ്രായേൽ ജനം എരിവുള്ളവരെങ്കിലും അവർക്കു പരിജ്ഞാനം ഇല്ല എന്നത്. ന്യായപ്രമാണത്തിന്റെ അവസാനം ക്രിസ്തു എന്ന പരിജ്ഞാനം, അവനിൽ

വിശ്വസിക്കുന്ന സകലർക്കും രക്ഷ ലഭിക്കും എന്ന പരിജ്ഞാനം.

പ്രവ: 18:24,25 "അലക്സാന്ത്രിയക്കാരനായി വാഗ്വൈഭവവും തിരുവെഴുത്തുകളിൽ സാമർത്ഥ്യവു മുള്ള അപ്പൊല്ലോസ് എന്നു പേരുള്ളോരു യെഹൂദൻ എഫെസോസിൽ എത്തി. അവൻ കർത്താവിന്റെ മാർഗ്ഗ ത്തിൽ ഉപദേശം ലഭിച്ചവൻ ആയിരുന്നു; യോഹന്നാന്റെ സ്നാനത്തെക്കുറിച്ചു മാത്രം അറിഞ്ഞിരുന്നു എങ്കിലും ആത്മാവിൽ എരിവുള്ളവനാകയാൽ അവൻ യേശുവിന്റെ വസ്തുത സൂക്ഷ്മമായി പ്രസ്താവിക്കയും ഉപദേശിക്ക യും ചെയ്തു".

നല്ലതുപോലെ സംസാരിക്കുവാനുള്ള കഴിവുമാത്രമല്ല അപ്പൊല്ലോസിന്റെ വിശേഷണം. നാം ശ്രദ്ധിക്കേണ്ടത്, യേശുവിനെക്കുറിച്ചറിയിപ്പാൻ തക്കവണ്ണം കർത്താവി ന്റെ മാർഗത്തിൽ ഉപദേശം ലഭിച്ചതിനാലുള്ള എരിവ് അവനുണ്ടായിരുന്നു എന്നതാണ്. അതിനായി ദൈവം അവനെ ഒരുക്കിയത് ഇവിടെ കാണാം. ദൈവത്തിനായി ഉപയോഗപ്പെടണമെങ്കിൽ എന്ത് ദൈവം ചെയ്യേണം? പരിജ്ഞാനപ്രകാരമുള്ള എരിവ് ആകുന്നു ആവശ്യം. അത് നമുക്ക് അടുത്ത വാക്യങ്ങളിൽ കാണാം. "അവൻ പള്ളിയിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചുതുടങ്ങി; അക്വിലാസും പ്രിസ്കില്ലയും അവന്റെ പ്രസംഗം കേട്ടാറെ അവനെ ചേർത്തുകൊണ്ടു ദൈവത്തിന്റെ മാർഗ്ഗം അധികം സ്പഷ്ടമായി അവന്നു തെളിയിച്ചുകൊടുത്തു." അപ്പൊ ല്ലോസിനു യോഹന്നാന്റെ സ്നാനത്തെ കുറിച്ച് മാത്രമേ അറിവുണ്ടായിരുന്നുള്ളു. എന്നാൽ അവനൊരു ഗുണം

ഉണ്ടായിരുന്നു. കർത്താവിന്റെ കാര്യങ്ങൾ സൂക്ഷ്മമായി പഠിപ്പിക്കുവാൻ അവനൊരു പരിജ്ഞാനം ഉണ്ടായിരുന്നു. അത് അവന്റെ അറിവല്ല, പഠിപ്പിക്കുവാൻ പ്രാപ്തിയായ സുക്ഷ്മമായ പരിജ്ഞാനം.

സഭക്ക് തീഷ്ണത ആവശ്യമാണ്. എന്നാലത് ആദ്യം പ്രാർത്ഥിക്കാനല്ല, ആദ്യം വചനം വായിക്കുവാൻ വേണ്ടിയല്ല, പാട്ടു പാടുവാനല്ല, വളർച്ചക്കാണ് തീഷ്ണത ആവശ്യമായിരിക്കുന്നത്. ശുശ്രൂഷയിലൂടെയാണ് ദൈവത്തിന്റെ ജനം വളർച്ച പ്രാപിക്കുന്നത്, ദൈവജനം ശക്തി പ്രാപിക്കുന്നത്. ഇതിനു ഞാൻ എന്നെത്തന്നെയാണ് ഒരു ഉദാഹരണമായി കാണിപ്പാൻ ആഗ്രഹിക്കുന്നത്. ദൈവവചനം പരിജ്ഞാനത്തോടുകൂടി സൂക്ഷ്മമായി എന്നാലാവുംവിധം വെളിപ്പെടുത്തുവാൻ ഞാൻ എല്ലായിടങ്ങളിലും എരിവ് കാണിച്ചിട്ടുണ്ട്. ഇത് നിങ്ങൾ ഹൃദയത്തിൽ ഓർക്കുക. എന്താണത്? പരിജ്ഞാനത്തോട് കൂടിയുള്ള എരിവ്.

ഇങ്ങനെ, സ്നേഹം നിർവ്യാജം ആവുകയും: തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊള്ളുവാനും, സഹോദരപ്രീതിയിൽ തമ്മിൽ ശുശ്രൂഷിക്കുന്നതിൽ, ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവാനും, ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പാനും തിരുവചനം നമ്മെ പഠിപ്പിക്കുന്നു.

റോമർ 12:3-5 ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതു പോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു

ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു. ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ടല്ലോ; എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും; അതുപോലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു. റോമർ പന്ത്രണ്ടാം അധ്യായവും 1കൊരിന്ത്യർ പന്ത്രണ്ടാം അദ്ധ്യായവും സമയം ലഭിക്കും പോലെ താരതമ്യം ചെയ്തു പഠിച്ചാൽ നിങ്ങൾക്ക് കൂടുതൽ കാര്യങ്ങൾ വ്യക്തമാകും.

(ഈ സന്ദേശത്തിന്റെ വീഡിയോ കാണുവാൻ ഈ ലിങ്കിൽ ക്ലിക്ക് ചെയ്യുക) https://fb.watch/eUDTeJvneY/

*"Hey, I would like to know more."*

***Join us at:***

## Word of God Church, Dubai

**☎ +971 56 392 1933, +91 90375 88577**

**+91 90375 88577**

**wordofgodsons@gmail.com**

**www.addtofaithblog.com**

**Find us on:**

**WordofGod Church**

**thewordofgod_church**

**WordofGod Church**

*Printed and published by Word of God Church, Dubai*
*(for private circulation only)*